ഇ - മാഗസിൻ

2019 - 20

# Little Pixel

# ലിറ്റിൽ പിക്സൽ

little KITEs

M M H S S NEW MAHE

# സമർപ്പണം



എം.എം. സ്ക്കൂളിന്റെ ഓരോ മൺതരിക്കും
സുപരിചിതനായ ഞങ്ങളുടെ പ്രിയ അധ്യാപകൻ

## ശിജീഷ് മാസ്റ്ററിന്...........

ഈ ഡിജിറ്റൽ താളുകൾ
പ്രിയക്കൂട്ടുകാരന്റെ ഓർമകൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

# മുഖമൊഴി

ഇത് കാലത്തിൻറെ നേർകാഴ്ച ,
സാങ്കേതികതയുടെ അത്ഭുതങ്ങൾക്കൊപ്പം
കാലത്തിന് ഹൃദയത്തുടിപ്പുകളെ
സമൂഹത്തിന്റെ പ്രതീക്ഷകളെ
സർഗ്ഗാത്മകതയുടെപുതുനാമ്പുകളെ
അക്ഷരങ്ങളിലാവാഹിച്ച്
സമയത്തിന്റെ രഥവേഗങ്ങൾ ഉൾക്കൊണ്ട്
ഞങ്ങൾ കാഴ്ചവെക്കുന്നു ............
ഞങ്ങളുടെ *ലിറ്റിൽ പിക്സൽ*
പൊറുക്കുക.............
ഞങ്ങളുടെ പരിമിതികളെ .....
ഏറ്റെടുക്കുക ..........
***ഞങ്ങളുടെ സ്വപ്നങ്ങളെ..........***

# സന്ദേശം

സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ വിവര സാങ്കേതിക വിദ്യയുടെ മേഖലയിൽ വിദ്യാർത്ഥികളെ കൂടുതൽ പ്രാവീണ്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് എന്ന സംഘടന പ്രവർത്തിക്കുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഏറെ സാർത്ഥകമാണ് എന്നതിൽ അഭിമാനിക്കുന്നു. ഇതിന്റെ തെളിവുകൂടിയാണ് ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ലിറ്റിൽ പിക്സൽ എന്ന നമ്മുടെ ഈ ഡിജിറ്റൽ മാഗസിൻ. എം.എം.ഹയർസെക്കൻഡറി സ്കൂളിന്റെ സാഹിത്യപ്രവർത്തനം ചരിത്രത്തിലെ ഡിജിറ്റൽ വിപ്ലവമാണ്. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനമേഖല കൂടുതൽ വിപലീകരിക്കപ്പെടുന്നതോടൊപ്പം ഇതിനായി പ്രവർത്തിച്ച എല്ലാ കൂട്ടുകാരെയും സഹപ്രവർത്തകരെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

**അബ്ദുൽ അസീസ്. ഒ**
**ഹെഡ്മാസ്റ്റർ**

# ആശംസ

ഡിജിറ്റൽ ലോകത്തെ വരവേൽക്കാൻ ഒരുങ്ങുകയാണ് നാം. ഇതിൻറെ എല്ലാവിധ സാങ്കേതിക മികവിനെയും സ്വാഗതം ചെയ്യുമ്പോൾ, മനുഷ്യസ്നേഹികളുടെ ആശങ്ക സർഗ്ഗാത്മകതയെ ചൊല്ലിയായിരുന്നു. യാന്ത്രികതയുടെ ഗതിവേഗത്തിൽ മനുഷ്യസ്നേഹത്തിന് അക്ഷര തുടിപ്പുകൾ നഷ്ടപ്പെടുമോ എന്ന്. അങ്ങനെയല്ല എന്ന് എന്റെ പ്രിയപ്പെട്ട കുട്ടുകാർ ലിറ്റിൽ കൈറ്റ്സിലൂടെ തെളിയിച്ചിരിക്കുന്നു. ആശംസകൾ. ലിറ്റിൽ പിക്സൽ നമ്മുടെ ആർദ്രതകളും, പ്രതീക്ഷകളും, സ്വപ്നങ്ങളും കൊണ്ട് സമ്പന്നമാണ്. വിദ്യാലയത്തിന്റെ സർഗ്ഗാത്മകതയുടെ പ്രകടനമായി മാറാൻ ഈ സംരംഭത്തിന് കഴിയട്ടെ .

**നിശാറാണി . സി**
**എസ്.ആർ.ജി**
***കൺവീനർ***

# പ്രകൃതി

പ്രകൃതി വളരെ മനോഹരമാണ്. പ്രകൃതിയെ നമ്മൾ ആരും തന്നെ സംരക്ഷിക്കുന്നില്ല. അതുകൊണ്ടാണ് പ്രകൃതി നശിച്ചു പോകുന്നത്. എല്ലാ മരങ്ങളും കാടുകളും മനുഷ്യർ തന്നെയാണ് നശിപ്പിച്ചുകളയുന്നത്. അതുകൊണ്ട് പ്രകൃതിക്ക് ഒരുപാട് ദുരന്തങ്ങൾ ഉണ്ടാവുന്നു.



മനുഷ്യർക്ക് ആവശ്യമുള്ള സമയത്ത് മരങ്ങളും മണ്ണും അവർ എടുക്കുന്നു. പിന്നീടത് പ്രകൃതിക്ക് തിരിച്ച് നൽകുന്നില്ല. അത് കൊണ്ട് മഴ പെയ്യുമ്പോൾ വെള്ളം കുടിക്കാൻ മരങ്ങളും മണ്ണും ഇല്ല. അതുകൊണ്ടാണ് കേരളം ദുരന്തം അനുഭവിക്കുന്നത്. കേരളത്തിൽ പ്ലാസ്റ്റിക് നിരോധിക്കണം അല്ലെങ്കിൽ പ്രകൃതി നശിച്ചുപോകും. പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടെങ്കിൽ പുഴയിലും റോഡുകളിലും വലിച്ചെറിയരുത്. പ്ലാസ്റ്റിക് കൊണ്ട് പല മാരകമായ രോഗങ്ങൾ ഉണ്ടാകുന്നു. പ്രകൃതിയെ നമ്മൾ നല്ല രീതിയിൽ സംരക്ഷിക്കണം.പ്രകൃതിയെ ഞങ്ങൾ സംരക്ഷിച്ചില്ലെങ്കിൽ ഇനിയും ഒരുപാട് ദുരന്തങ്ങൾ സഹിക്കേണ്ടി വരും.

# പാപത്തിന്റെ ശിക്ഷ

ഒരു കൊച്ചുഗ്രാമത്തിൽ സോന എന്ന പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് മരങ്ങളുടെ പ്രധാന്യവും അവയുടെ ഉപയോഗങ്ങളും അവയെ സംരക്ഷിക്കപ്പെടേണ്ട ആവശ്യകതയെക്കുറിച്ചും അറിയാമായിരുന്നു. അത്കൊണ്ട് തന്നെ അവൾ മരങ്ങളെ തന്റെ ജീവനുതുല്യം സ്നേഹിച്ചു. കൂടാതെ അവയെ നല്ല രീതിയിൽ സംരക്ഷിക്കുകയും ചെയ്യുമായിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം മരം വെട്ടുകാർ അവിടെയുള്ള മരങ്ങളെല്ലാം വെട്ടാൻ വേണ്ടിവന്നു. അതുകണ്ട് അവൾ വല്ലാതെ ഭയന്നു. എന്തുചെയ്യണമെന്നറിയാതെ അവൾ വല്ലാതെ പരിഭ്രമിച്ചു. അവൾ നാട്ടു മൂപ്പന്റെ അടുത്തു പോയി തന്റെ സങ്കടം അറിയിച്ചു. മരങ്ങളുടെ പ്രധാന്യവും അവയുടെ ഉപയോഗങ്ങളും അവയെ സംരക്ഷിക്കപ്പെടേണ്ട ആവശ്യകതയെക്കുറിച്ചും മരം ഇല്ലാതായാലുള്ള ആപത്തനിനെ കുറിച്ചും പറഞ്ഞു മനസ്സിലാക്കി. അദ്ദേഹം അവളോടൊപ്പം അവരെ കാണാനായി പോയി.മരം വെട്ടരുത് എന്ന് ആവശ്യപ്പെട്ടു. എന്നാൽ അവർ വീണ്ടും മരം വെട്ടാൻ തുടങ്ങി. എന്നാൽ ഗ്രാമത്തിലെ മുഴുവൻ ആളുകളും അവരെ തടയാൻ എത്തിയതോടെ അവർ തിരിച്ച് പോയി.






***ഞാനൊരു മഴത്തുള്ളിയായിരുന്നു. ഞാൻ ഇത്രയും കാലം ജീവിച്ചത് എന്റെ മേഘ കൊട്ടാരത്തിലാണ്. കൊട്ടാരം കാണാൻ വളരെയധികം ഭംഗിയായിരുന്നു. ഞാൻ കുറേക്കാലം ആ കൊട്ടാരത്തിൽ താമസിച്ചു. എനിക്ക് അവിടെ കുറെ ചങ്ങാതിമാർ ഉണ്ടായിരുന്നു. അവിടെ ഞങ്ങൾ നല്ല സന്തോഷത്തിലായിരുന്നു.പെട്ടന്ന് ഒരു ദിവസം ആകാശത്ത് ഇരുട്ട് മൂടപ്പെട്ടു. കാർമേഘങ്ങൾ കൊണ്ട് നിറഞ്ഞു. മഴ പെയ്യാൻ തുടങ്ങി.***

***ഞാൻ ആ മഴയിലൂടെ താഴെ ഭൂമിയിലേക്ക് വന്നു. ഭൂമി കണ്ടപ്പോൾ ഞാൻ ആകെ അമ്പരന്നു പോയി.എന്ത് ഭംഗിയാണ് ഈ ഭൂമി കാണാൻ! ഞാൻ നേരെ ഒരു പുഴയിലാണ് വീണത്. ആ പുഴയിലൂടെ ഞാൻ ഒഴുകി ഒഴുകി ഒ കൊണ്ടേയിരുന്നു. ആ പുഴയിൽ നിറയെ പലതരം മത്സ്യങ്ങളും ഉണ്ടായിരുന്നു. എന്റെ മേഘ കൊട്ടാരത്തേക്കാൾ എത്ര മനോഹരമാണ് ഈ ഭൂമി. ഞാൻ ഒഴുകി ഒഴുകി ഒരു അരുവിയിൽ എത്തി .അവിടെ നിന്ന് പ്രകൃതി കണ്ട് നന്നായി ആസ്വദിച്ചു. ഞാൻ പോകുമ്പോൾ പലതരം പക്ഷികൾ, ചിത്രശലഭങ്ങൾ എനിക്ക് അതൊക്കെ കണ്ടപ്പോൾ ഇനി എന്റെ മേഘ കൊട്ടാരത്തിലേക്ക് പോകോനെ തോന്നുന്നില്ല.***

# TIME IS PRECIOUS

**Aysha Fidha, XB**

Time management is important for our personal life and career success. Time is a special resource that you cannot store or save for later use. In our daily life time is an important thing.

Everyone has the exact same amount of time. Each day time will used cannot be retrieved. There is a lot of time waste each day which can be put to better idea. In our day to day life, time is precious thing. Always plan your time well and don't waste it on useless matters. Be careful not to procrastinate and do everything in the best way with focus and attention.

# IMPRISONER OF MEMORIES

**Nazeeha Fathima, IXA**



Everyone says that
Past has no space in present
Then my question to you is
"what about memories ??

Dreams are something with
Less probability of occurring
Until we prepare to achieve

But memories are something
Which we had gone through
Once in our life

Dreams are something which
Make us greedy about future
But memories make our present strong
With the lessons they taught
Hey your dream,stop taking me
To your world of fantasy

I wish to live with memories of reality
Yes I'm an imprisoner of memories
There they argued, shouted, loved
And left......
And these made me strong...

# بارش



امجد۔کے۔عاشق
**10B**

یہ ہلکی سی بارش کا برسنا قاتل تھا
تیرے ہونٹوں کا ترسنا قاتل تھا
اک طرف بھیگے ہوئے تم
ایک طرف گرا ہوا جھونپڑا میرا
وقت کا اس مفلس کو پرکھنا قاتل تھا
زلفوں کی ضدر خسار پہ رہنا اور تم
عادی سنوارنے کے
وہ تیرے ہاتھوں کا بالوں سے الجھن اقاتل تھا
وہ دھیرے سے ہلکی سی ہوا کے ڈر سے
اس نذاکت سے تیرا سمٹنا قاتل تھا
پہلے بے اختیار مسکرانا پھر ہمیں دیکھ کر چپ ہو جانا
عباس آپ کے ہونٹوں کا وہ سنبھلنا قاتل تھا
یہ ہلکی سی بارش کا برسنا قاتل تھا
تیرے ہونٹوں کا ترسنا قاتل تھا

# സൂക്ഷമത

അസ്ന . കെ
**9 C**

മഹാപണ്ഡിതനായ തിരുവള്ളൂർ മരണത്തോടടുത്ത സമയം പ്രിയ പത്നിയെ അരികിൽ വിളിച്ച് അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"ഭവതി ഇത്രയും കാലം എന്നെ സ്നേഹത്തോടെ പരിചരിച്ചതിന് ഞാനെന്ത് അനുഗ്രഹമാണ് നൽകേണ്ടത്".

"എനിക്ക് എല്ലായിപ്പോഴും അങ്ങയുടെ അനുഗ്രഹം ഉണ്ടായിരുന്നല്ലോ "

"ഭവതിക്ക് എന്തെങ്കിലും അറിയണമെന്ന ആഗ്രഹമുണ്ടോ?"

"ഭഗവാൻ ഏറെക്കാലമായി മനസ്സിൽ ഒരു സംശയം കുടികൊള്ളുന്നുണ്ട്. അങ്ങ് ഭക്ഷണം കഴിക്കുമ്പോൾ സമീപത്ത് ഒരു പാത്രത്തിൽ വെള്ളവും ഒരു സൂചിയും എല്ലായിപ്പോഴും കരുതിയിരുന്നത് എന്തിനാണ്".

*തിരുവള്ളൂർ പറഞ്ഞു. "ഭവതി ആഹാരം വിളമ്പുന്നതും ഞാൻ കഴിക്കുന്നതും അങ്ങേയറ്റം ശ്രദ്ധയോടെ തന്നെയാണ് എന്നെനിക്കറിയാം എങ്കിലും എന്തെങ്കിലും കാരണവശാൽ ഒരു വറ്റ് പാത്രത്തിനു വെളിയിൽ വീഴുകയാണെങ്കിൽ അത് മണ്ണുപുരളാതെ എടുക്കാനാണ് സൂചി. മണ്ണു പുരണ്ടാൽ കഴുകി എടുക്കാനാണ് വെള്ളം കരുതിയിരുന്നത്".*

# എന്നും ഒരു വിങ്ങലായി

അർത്ഥന . ജി

അഹങ്കരിക്കാനുള്ളതല്ല അറിവ്.നമ്മൾ പലരും അറിവിൽ അഹങ്കരിക്കുകയാണ്.പ്രളയം എന്ന അതിജീവനത്തെ നേരിട്ട ഒരുപാട് പാവം കുടുംബങ്ങളുടെ ദുരിദം.നിനച്ചിരിക്കാതെ കടന്നുവന്ന പ്രളയം കേരളത്തിന് സമ്മാനിച്ചത് തീരാ നഷ്ടങ്ങളാണ്.അതിൽ പലരും മരമം ഏറ്റു വാങ്ങുകയായിരുന്നു.

നമ്മൾ പ്രകൃതിയോട് കാണിക്കുന്നത് പോലെ നമുക്കതൊരു തിരിച്ചടിയായി മാറി.നമ്മൾ ആരോടും കാണിക്കാത്ത അതിക്രൂരതയാണ് ഇന്നും നാം കാണിച്ചുകൊണ്ടിരിക്കുന്നത്.പ്രകൃതി അത് പ്രളയത്തിലൂടെ തിരിച്ചടിച്ചു.

വലിയ കെട്ടിടങ്ങൾ പണിതവരുണ്ട്.ആ കെട്ടിടങ്ങളിൽ നിന്നും മാലിന്യം പുറത്ത് നിക്ഷേപിക്കുന്നുമുണ്ട്.എത്രയോ വില കൊടുത്തും,ദിവസങ്ങളെടുത്തും പണിത കെട്ടിടങ്ങളെ നിസ്സാര നിമിഷങ്ങൾ കൊണ്ടാണ് പ്രളയം നശിപ്പിച്ചത്.നമ്മൾ പ്രകൃതിയിൽ വലിച്ചെറിയുന്ന ഓരോ മാലിന്യങ്ങളുടെ പകയായി അത് വന്നു.പക്ഷെ, മനസ്സിൽ തട്ടിയത് മറ്റൊന്നാണ്.എത്രയോ പാവങ്ങളുടെ ജീവൻ അതിന് ബലികൊടുക്കേണ്ടി വന്നു.അവരെ രക്ഷിക്കാൻ ഒരു രക്ഷകനെപ്പോലെ വിമാനങ്ങളിൽ പലരും എത്തി.അവരൊക്കെ പല കാമ്പുകളിലായി താമസിക്കുന്നു.ഇത് എന്നും ഒരു വിങ്ങലാണ്.പ്രകൃതിയിൽ നിന്നും



ഇനിയും തിരിച്ചടികൾ പ്രതീക്ഷിക്കാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കുക.നമ്മുടെ ജീവനെ പേടിച്ചെങ്കിലും.....

# master of the game

An old man, who lived in a small side street in the city of Mumbai, had to put up with the nuisance of having boys playing cricket outside his house, at night. one evening when the noise rose high, he went out to talk to the boys. He explained that he was a pensioner who was happy to see or hear boys playing his favourite game, cricket. He said he would give them 25 rupees each week to play in the street, at night. The boys were thrilled. They were being paid to do something they enjoyed. At the end of the first week, they knocked at the old man’s house and asked to be paid. He did so the second week, when they asked for payment he said he had ran out of money and sent them away with only 15 rupees.

# മയിൽപ്പീലി

തൻ വിദ്യകൾക്കൊപ്പം സൂക്ഷിച്ചൊളിച്ച
മഴവില്ലുതൻ ഏഴഴകോഴും മയിൽപ്പീലി
പുസ്തകത്താളിൽ പെറ്റു പെരുകില്ലെ
എന്നറിഞ്ഞിട്ടു പോലും
സൂക്ഷിച്ചു വെച്ചു ഒരു മയിൽപ്പീലി!!!
ആർദ്രമാം രാവിൽ ഞാൻ കേട്ടു
താളുകളിൽ നിന്ന് ഒരു നിശ്ചല
ശബ്ദം!!!
ഇന്നും ഞാൻ സ്മരിക്കുന്നു ആ
ഓർമകളുടെ മാധുര്യം!!!



# വൃദ്ധനും കുട്ടിയും

ആയിശ .വി.പി.
6-B

പണ്ട് പണ്ടൊരിക്കൽ ഒരു വൃദ്ധനുണ്ടായിരുന്നു.അവർക്ക് രണ്ട് മക്കളുണ്ടായിരുന്നു.ചിന്നു,മീനു എന്നായിരുന്നു അവരുടെ പേര്.ചിന്നു മഹാമടിച്ചിയാണ്,എന്നാൽ മീനു വെറും പാവവുമായിരുന്നു.

അവർക്ക് അമ്മയില്ലായിരുന്നു.ഒരു ദിവസം വൃദ്ധൻ മറ്റൊരു വിവാഹം കഴിച്ചു.ആ അമ്മയ്ക്ക് മീനുവിനെ ഇഷ്ടമല്ലായിരുന്നു.

ഒരിക്കൽ മീനുവിനോട് അമ്മ പറഞ്ഞു;"എടീ നീ പോയി ജോലിയൊക്കെ



ചെയ്യ്"പാവംമീനുഅത്അനുസരിച്ചു. അങ്ങനെയൊരിക്കൽവൃദ്ധൻ മരിച്ചു. അപ്പോൾ അമ്മ പറഞ്ഞു;എടീ മീനു നീ എവിടെയെങ്കിലും പോയി ജോലി അന്വേഷിക്കു.അങ്ങനെ അവൾ ജോലി തേടിനടക്കുകയായിരുന്നു.അപ്പോൾ അവൾ ഒരു കിണർ കണ്ടു.അത് തീരെ വൃത്തിയുള്ളതല്ലായിരുന്നില്ല.അതവൾ വൃത്തിയാക്കി,വീണ്ടും നടന്നു.

ആ നേരം ഒരു കൊട്ടാരം അവളുടെ ദൃഷ്ടിയിൽ പെട്ടു.അവൾ അവിടെ കയറി.അവിടെ ഒരു രാജാവും റാണിയുമുണ്ടായിരുന്നു.അവർക്ക് മുമ്പിൽ അവൾ കാര്യം അവതരിപ്പിച്ചു.അവർ പറഞ്ഞു,നീ ഇവിടെ ജോലി ചെയതുകൊള്ളു.

"പക്ഷെ,ഒരു മുറി മാത്രം തുറക്കരുത്." മീനു അത്പോലെ ചെയ്ത് വൃത്തിയാക്കി.ശേഷം അവളോട് പറഞ്ഞു; "മകളേ ഈ മുറി നിനക്കുള്ളതാണ്.അവൾ അതിലേക്ക് കയറി.പിന്നെ അവളുടെ ശരീരം മുഴുവൻ സ്വർണ്ണം".സന്തോഷം കൊണ്ടവൾ വീട്ടിലേക്ക് പോയി.മീനുവിനെ കണ്ട് അമ്മ അത്ഭുതപെട്ടുപോയി.അസൂയ മൂത്ത് അവർ ചിന്നുവിനേയുംജോലിക്കയച്ചു.അവൾ കൊട്ടാരത്തിലെത്തി.പക്ഷെ,അഹങ്കാരിയായ ചിന്നു അതനുസരിക്കാതെ ആ മുറി തുറന്നു.അതിൽ ധാരാളം ജീവികളുണ്ടായിരുന്നു.അത് അവളെ കടിക്കുകയും ചെയ്തു.


# THE LEGEND OF MATHEMATICS



*India is a blessed country with great mathematicians and scientists one of the great mathematician was Srinivasa Ramanujan. He was born on December 22 1887 at Tamil Nadu. He was a genius who loved numbers.*

*He has extra ordinary liking towards Mathematics. While his school time he has calculated the length of equator of earth using mathematics. However he has no formal training in mathematics. He has made a large contribution in the field of mathematics.*


*The Ramanujan's number is 1729*




$1^3 + 12^3 = 1729$

$10^3 + 9^3 = 1729$

*it is the smallest natural number which can be expressed as sum of cubes of two numbers in two different ways.*




*Government of India has declared that Ramanujan's birthday should be celebrated as "national Mathematical day at 2012 . his contribution in the field of mathematics has been immense and will be remembered forever.*

## Ramanujan's Magic Square

| | | | |
|---|---|---|---|
| 22 | 12 | 18 | 87 |
| 88 | 17 | 09 | 25 |
| 10 | 24 | 89 | 16 |
| 19 | 86 | 23 | 11 |

- ❁ sum of row = 139
- ❁ sum of column = 139
- ❁ sum of diagonal = 139
- ❁ sum of middle square = 139

# ആത്മാവ്

കാത്തിരിപ്പിന്റെ നൊമ്പരക്കൾക്ക്
ഇന്നും ഒരു ചെറിയ മധുരം
ശേഷിക്കുന്നുണ്ട്
അവസാനമായി ഞാൻ എന്നെ
നിന്നിൽ കൂടി തിരയും
നിന്റെ മനസ്സിലെ
ഏതെങ്കിലും ഒരു കോണിൽ
എന്റെ മാലയിട്ട ബ്ലാക്ക് & വൈറ്റ്
ഫോട്ടോയെങ്കിലും✎✎✎✎✎✎✎✎

# അതിമോഹം

 നിയ ശാജി.
7-C

ഒരിടത്ത് കിട്ടൻ എന്നൊരു കുറുക്കനുണ്ടായിരുന്നു.വലിയ അത്യാഗ്രഹിയാണ് അവൻ. ഒരു ദിവസം കിട്ടൻ കുറുക്കന് ഒരൊറ്റ ഇരയെപോലും കിട്ടിയില്ല.രാത്രി ആയപ്പോഴേക്കും വിശപ്പ് സഹിക്കാതെയായി.പെട്ടന്നാണ



കിട്ടൻ അടുത്തുള്ള ഒരു കാരറ്റ് തോട്ടത്തിൻറെ കാര്യം ഓർമ വന്നത്.ഹും,കാരറ്റ്എങ്കിൽ കാരറ്റ് ! കിട്ടൻ കുറുക്കൻ ഒരു ചാക്കുമായി തോട്ടത്തിലേക്കു നടന്നു.ചുറ്റും ഇരുട്ടാണ് നിലാവിൻറെ മങ്ങിയ വെളിച്ചം മാത്രമേയുള്ളൂ.ഇരുട്ടിലൂടെ തപ്പിത്തടഞ്ഞു

നടന്നു കൊണ്ടു കിട്ടൻ കുറുക്കൻ പറിച്ചു ചാക്കിലിടാൻ തുടങ്ങി. വേണ്ടത്രയായപ്പോൾ അവൻ തിരിച്ചു നടക്കാൻ പുറപ്പെട്ടു.അപ്പോൾ വെളുത്ത എന്തോ ഒന്ന് നിലത്തു കിടക്കുന്നതു മങ്ങിയ വെളിച്ചത്തിൽ കിട്ടൻ കണ്ടു.ഒരു സഞ്ചിപോലെയുണ്ട്.അതോടെ കിട്ടന് അത്യാഗ്രഹമായി.തോട്ടത്തിൻറെ ഉടമസ്ഥൻ സഞ്ചി നിറയെ കാരറ്റ്

പറിച്ചുവച്ചിരിക്കയായാവണം! എന്തായാലും അവൻ ആ വെളുത്ത സാധനമെടുത്തു ചാക്കിലിട്ടു.എന്നിട്ട് ഒറ്റ ഓട്ടം! വളരെ ദൂരെ എത്തിയിട്ടേ അവൻ ഓട്ടം നിർത്തിയുള്ളു. എന്നിട്ട് അവൻ ഒരു മരച്ചുവട്ടിൽ ഇരുന്നു കിതച്ചു.ഓടിയ ക്ഷീണം മാറ്റണേ! അല്പനേരം കഴിഞ്ഞപ്പോൾ അവൻ പതുക്കെ ചാക്കിൻറെ കെട്ടഴിച്ചു.അപ്പോഴതാ അതിനകത്തു നിന്ന് ഒരു മുയൽ പുറത്തു ചാടുന്നു.മുയൽ പറഞ്ഞു. ഏയയ്, കുറുക്കൻ ചേട്ടാ...... എന്നെ ഈ ചാക്കിനകത്തു പിടിച്ചിട്ടതിന് നന്ദി! ചാക്കിലെ കാരറ്റെല്ലാം ഞാൻ അകത്താക്കി..... നല്ല സ്വദുണ്ടായിരുന്നു കേട്ടോ! ഹ....ഹ.... പിന്നെ മുയൽ ഒറ്റ ഓട്ടം! അതിൻറെ പിന്നാലെ കിട്ടനും ഓടി. വളരെ ദൂരെ ഓടിതളർന്ന കിട്ടൻ കുറുക്കനുണ്ടോ അതിനെ പിടിക്കാൻ കഴിയുന്നു! ഉറങ്ങിക്കിടക്കുകയായിരുന്ന ഒരു മുയലിനെ കണ്ടിട്ടാണു താൻ സഞ്ചിയാണെന്നു കരുതിയത് എന്ന് അപ്പോഴാണ് കിട്ടന് മനസ്സിലായത്. നോക്കണോ, അരുളി! അവൻ ചാക്കെടുത്തു നോക്കി. അതിൽ ഒരു കഷണം കാരറ്റ് പോലുമില്ല. എല്ലാം ആ മുയൽ അകത്താക്കി.കിട്ടൻ കുറുക്കനു സങ്കടം സഹിച്ചില്ല. അത്യാഗ്രഹമാണ് ഈ കുഴപ്പമൊക്കെ വരുത്തി വച്ചത്. ആദ്യം കിട്ടിയ കാരറ്റ് തന്നെ മതി എന്നു വച്ചിരുന്നെങ്കിൽ ഇപ്പോൾ സുഖമായി വയറു നിറയ്ക്കാമായിരുന്നു.

# ആയുസ്സ്

നിന്റെ പാദങ്ങളാൽ

തയഞ്ഞു തീരുന്ന ഓരോ പാദരക്ഷകളും

നിനക്കു മുന്നിൽ തീർന്നു കൊണ്ടിരിക്കുന്ന

നിന്റെ ആയുസ്സിന്റെ

കണക്കു കാട്ടിത്തരുന്നു

അങ്ങകലെ

മരണത്തിനു മുമ്പിൽ

ഒരു വലിയ ഏകാന്തതയുണ്ട്

**സ്വപ്നങ്ങൾ പോലും കൂട്ടില്ലാതെ!**

# Famous quotes on education

**Victor Hugo**

*"He who opens a school door, closes a prison."*

**Malcolm X**

*"Education is the passport to the future, for tomorrow belongs to those who prepare for it today."*

**Albert Einstein**

*"Education is what remains after one has forgotten what one has learned in school."*

**Malala Yousafzai**

*"One child, one teacher, one book, one pen can change the world."*

**Mahatma Gandhi**

*"By education I mean an all-round drawing out of the best in the child and man-body, mind and spirit."*

**Netson Mandela**

*"education is the most powerful weapon that can change the whole world"*

# ലിറ്റിൽ കൈറ്റ്സ്

വാർഷിക റിപ്പോർട്ട് 2019 -20

 ***ഫാത്തിമത്തുൽ ഫിദ***

കേരള ഇൻഫ്രാസ്ടക്ചർ ആൻഡ് ടെകനോളജി ഫോർ എജ്യുക്കേഷൻ റെ(കൈറ്റ്)ഒരു ലക്ഷത്തിൽപരം വിദ്യാർഥികളെ അംഗങ്ങളാക്കി കൊണ്ടുള്ള ഒരു സവിശേഷ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ്.

ആനിമേഷൻ,സൈബർ സുരക്ഷ,മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകിയിട്ടുള്ള ഹൈ-സ്കൂൾ കുട്ടിക്കൂട്ടം സംവിധാനമാണ് സ്റ്റുടൻസ് പോലീസ് കേഡറ്റ് മാതൃകയിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബായി തീർന്നത്.രാജ്യത്തെ ഏറ്റവും വലിയ വിദ്യാർഥി ഐ.ടി നെറ്റ്വർക്ക് ആയിട്ടാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ് സജ്ജീകരിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ 1955 സ്കൂളുകൾക്കാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ് രൂപീകരിക്കാൻ

*"The best brain of nation may be found*

അംഗീകാരം നൽകിയത്.നമ്മുടെ സ്കൂളും ആ ലിസ്റ്റിൽ ഉൾപ്പെട്ടവയാണ്.

2019 -20 വർഷം 9ാം ക്ലാസ്സിൽ പഠിക്കുന്ന താൽപര്യമുള്ള കുട്ടികൾക്ക് അഭിരുചി പരീക്ഷ നടത്തി.26 വിദ്യാർഥികളെയാണ് പരീക്ഷയിൽ നിന്ന് തിരഞ്ഞെടുത്തത്.സ്കൂൾ യൂണിറ്റിൻറെ ചുമതല വഹിക്കുന്ന കൈറ്റ് മാസ്റ്റർ റിയാദ് സാറും കൈറ്റ് മിസ്ട്രസ് സഫ്റത്ത് ടീച്ചറുമാണ്.യൂണിറ്റ് ലീഡർ ഫാത്തിമത്തുൽ ഫിദയും, ഡെപ്യൂട്ടി ലീഡർ മുഹമ്മദ് ഇർഫാനുമാണ്.ലിറ്റിൽ കൈറ്റ്സ് സ്കൂൾതല നിർവ്വഹണ സമിതിയിൽ ചെയർമാനായി സ്കൂൾ പി.ടി.എ പ്രസിഡൻറും കൺവീനറായി ഹെഡ്മാസ്റ്റർ ശ്രീ.ഒ അബ്ദുൽ അസീസ് സാറും ചുമതലയേറ്റു.

മാസത്തിൽ 4 മാണിക്കൂർ എന്ന രീതിയിലാണ് സ്കൂൾ തല പരിശീലനം നടത്താറുള്ളത്.ഓരോ ആഴ്ചയിലെയും ബുധനാഴ്ചകളിൽ 4 മാണി മുതൽ

5 മണി വരെയാണ് ക്ലാസ്സ്.കൈറ്റ് തയ്യാറാക്കി നൽകുന്ന മൊഡ്യൂളിൻറെ അടിസ്ഥാനത്തിലാണ് പരിശീലനം. ഇത് കൂടാതെ മറ്റ് ഐ.ടി. വിദഗ്ധരുടെ ക്ലാസ്സും നൽകാറുണ്ട്. യൂണിറ്റ് തല ഏകദിന ക്യാമ്പും നടത്തിയിട്ടുണ്ട്.തിരഞ്ഞെടുത്ത എട്ട് കുട്ടികൾക്കായി ഏനിമേഷൻ,പ്രോഗ്രാമ്മിങ് എന്നീ വിഷയങ്ങളിൽ രണ്ട് ദിവസത്തെ ഉപജില്ലാതല ക്യാമ്പും നടത്തി. സ്കൂൾ തല പരിശീലനങ്ങളിലെ പങ്കാളിത്തം ഉറപ്പാക്കാനായി എല്ലാ പരിശീലനദിനത്തിലും ഹാജർ എടുക്കാറുണ്ട് .

ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതി പരിപാലാന,കമ്പ്യൂട്ടർ ഹാർഡ്വെയറിയൻറെ പ്രാമിക തലത്തിലുള്ള പ്രശ്നനിദ്ധാരണം ഇവയൊക്കെ കുറിച്ചായിരുന്ന ആദ്യ പരിശീലനങ്ങലൾ.ഇതിലൂടെ ഓരോ ക്ലാസ്സിലെ പ്രാജക്റ്ററിൻറെ ക്രമീകരണങ്ങളും പരിപാലനവും ആ ക്ലാസ്സിലെ ഒരു ലിറ്റിൽ കൈറ്റിനുമേൽ ചുമതലയേൽപ്പിച്ചു.ഗ്രാഫിക്, മൾട്ടി മീഡിയ സോഫ്റ്റവെയറുകളും അവയുടെ ഉത്പന്നങ്ങളും തുടങ്ങി ഓഡിയോ, വീഡിയോ,എഡിറ്റിങ്,ആൽബം നിർ മാണത്തെ കുറിച്ച് വരെ പരിശീലനം നൽകി. ആനിമേഷൻ വിഭാഗത്തിൽ ഉപജില്ലാതല ക്യാമ്പിൽ പങ്കെടുത്ത ലിറ്റിൽ കൈറ്റ് അംഗങ്ങൾ സ്വന്തമായി ഒരു ചെറിയ ആനിമേഷൻ സിനിമ നിർമിച്ചാണ് ക്യാമ്പിൽ പോയത്.ഒരു ഗെയിമിനു പിന്നിലെ പ്രോഗ്രാമിനെയും സ്ക്രാച്ച് സോഫറ്റ്വെയറിനെയും കുറിച്ചും ക്ലാസും നൽകി. മൊബൈൽ ഫോൺ സോഫ്റ്റ് വെയറുകളുടെ അടിസ്ഥാന ആശയങ്ങളെ കുറിച്ചും മറ്റൊരു

ക്ലാസ്സിലൂടെ ചർച്ചചെയ്തു.അടിസ്ഥാന ഇലക്ട്രോണിക്സ് ആശയങ്ങളെ കുറിച്ച് റാസ്പ്ബെററി പൈ,ഇലക്ട്രോണിക്സ് കിറ്റ് തുടങ്ങിയ ഉപകരണങ്ങളുപയോഗിച്ചുള്ള അപ്ലൈഡ് ഇലക്ട്രോണിക്സ് & പ്രോഗ്രാമിങിനെ കുറിച്ചും റോബോട്ടിക്സിനെ കുറിച്ചും വിശദമായ പരിശീലനം നൽകി. വിവര വിനിമയത്തിൻറെ നട്ടെല്ലായ ഇന്റർനെറ്റ്, വിവരവിനിമയത്തിന്റെ സാധ്യതകൾ ദുരുപയോഗങ്ങൾ, ഐ.ടി. ആക്റ്റിൽ അറിയേണ്ട വസ്തുതകൾ, സൈബർ കുറ്റകൃത്യതകൾ, പ്രതിരോധ രീതികൾ, സുരക്ഷിതമായ ഇന്റർ നെറ്റ് ഉപയോഗം - ഇവയുമായി ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ച് ചർ ച്ചചെയ്യുന്ന ഒരു പ്രത്യേക



ക്ലാസും ഉണ്ട്. ഈ അറിവിന്റെയൊക്കെ അടിസ്ഥാനത്തിൽ ലിറ്റിൽ കൈറ്റുകളെല്ലാം കൂടി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി. സ്കൂളിലെ പലരുടെയും രചനകൾ ഉൾപ്പെടുത്തിയായിരുന്നു മാഗസിൻ. രചനകളുടെ ശേഖരണം മുതൽ അതു ടൈപ്പ് ചെയ്ത് എഡിറ്റിംഗ് വരെ അവർ പൂർത്തിയാക്കി. കൈറ്റ് മാസ്റ്ററിന്റെയും മിസ്ട്രസിന്റെയും മറ്റു അധ്യാപകരുടെയും സഹായത്തോടെയാണ് ഈ പ്രവർത്തനങ്ങളൊക്കെ ചെയ്തത്. ഇതിനു പുറമെ ലിറ്റിൽ കൈറ്റുകൾക്ക് കോഴ്സ് പൂർത്തീകരണവുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ച വിഷയവുമായി ബന്ധപ്പെട്ട് വ്യക്തിഗതമായും സാമൂഹ്യസേവനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രവർത്തനം ഗ്രൂപ്പ് പ്രവർത്തനത്തിലൂടെയും അസൈൻമെന്റുകൾ സബ്മിറ്റ് ചെയ്യണം. ലിറ്റിൽ കൈറ്റ്സ് ബാച്ചിന് ഒരു ഫീൽഡ് വിസ്റ്റ് അല്ലെങ്കിൽ ഇന്റസ്ട്രിയൽ വിസ്റ്റ് ഉണ്ട്.

പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എഴുതി സൂക്ഷിക്കാനായി ഒരു വർക്ക് ഡയറി എല്ലാവരുടെയും കൈവശമുണ്ട്. ലിറ്റിൽ കൈറ്റുകൾ പരിശീലന ദിവസങ്ങളിൽ ഫോട്ടോയും മറ്റു വിവരങ്ങളുമടങ്ങിയ ഒരു ഐഡന്റിറ്റി കാർഡും ധരിക്കണം.അങ്ങനെ മറ്റു യൂണിറ്റുകളെ പോലെത്തന്നെ ലിറ്റിൽ കൈറ്റ്സ് അതിന്റെ ആരംഭത്തിൽ തന്നെ സ്കൂളിനായി പല അഭിനന്ദർഹമായ നേട്ടങ്ങളും കൈവരിച്ചു.